**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 5176 24.10.2011 ൽ മറുപടിക്ക്

**കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. *കെ. രാധാകൃഷ്ണൻ* | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിലെ കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി നിർമ്മാണം എന്നാണ് ആരംഭിച്ചത്; | (എ) | പദ്ധതിയുടെ നിർമ്മാണം 1993 മേയ് മാസമാണ് ആരംഭിച്ചത്. |
| (ബി) | ഈ പദ്ധതിക്ക് ഇതുവരെ ചെലവായ തുക എത്രയാണ്; | (ബി) | ഈ പദ്ധതിക്ക് ഇതുവരെ 1211 ലക്ഷം രൂപാ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി പൂർത്തിയാക്കുവാനുണ്ടായ കാലതാമസത്തിന് കാരണങ്ങളെന്താണെന്ന് വിശദമാക്കാമോ; | (സി) | മാസ്റ്റർ ടാങ്ക് പണിയുന്നതിനുള്ള സ്ഥലം ലഭ്യമല്ലാതിരുന്നതും ബഡ്ജറ്റ് പ്രൊവിഷൻ കുറവായിരുന്നതുമാണ് പദ്ധതി പൂർത്തീയാക്കുവാനുണ്ടായ കാല താമസത്തിന് പ്രധാന കാരണം. പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവർത്തികളും ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. ചാർജിംഗ് ആൻറ് കമ്മീഷനിംഗ് നടന്നു കൊണ്ടിരിക്കുന്നു. തൃശൂരിൽ നടത്തിയ റീവ്യൂ മീററിങ്ങിൽ കേരള വാട്ടർ അതോറിററി മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിച്ചതനുസരിച്ച് ഈ പദ്ധതിയുടെ ഭാഗീകമായ കമ്മീഷനിങ്ങിനു വേണ്ടി സർക്കാരിൻെറ നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി പത്തു ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഫണ്ടിൻെറ അപര്യാപ്തതമൂലം ബെനിഫിഷ്യറി പഞ്ചായത്ത് മുഖേനയോ എം.എൽ.എ. ഫണ്ട് മുഖാന്തിരമോ ഈ പദ്ധതിയുടെ മുഴുവൻ പണികളും പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) ഈ പദ്ധതി പൂർത്തിയാക്കി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) കടങ്ങോട് ശുദ്ധജല വിതരണ പദ്ധതിയിൽ കുന്നംകുളം നിയോജക മണ്ഡലത്തിലെ എരുമപ്പെട്ടി, കടങ്ങോട്, മേലൂർ എന്നീ പഞ്ചായത്തുകളും ചേലക്കര നിയോജക മണ്ഡലത്തിലെ വരവൂർ പഞ്ചായത്തും ഉൾപ്പെടുന്നു. വരവൂർ, കടങ്ങോട് എന്നീ പഞ്ചായത്തുകളിലെ ചാർജിംഗ് പൂർത്തീകരണ ഘട്ടത്തിൽ ആയതിനാൽ ഉടൻ തന്നെ കമ്മീഷൻ ചെയ്യാവുന്നതാണ്. മററ് രണ്ട് പഞ്ചായത്തുകളുടേയും ചാർജിംഗ് ആൻറ് കമ്മീഷനിംഗ് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 6 മാസത്തിനകം കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ